## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4759 — 14.11.2019 ൽ മറുപടിക്ക്

### ഉപ്പുംതുരുത്തി പാലത്തിന്റെ ഫയൽ നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച തൃശ്ശൂർ ജില്ലയിലെ എടത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ഉപ്പുംതുരുത്തി പാലത്തിന്റെ ഫയൽ നടപടികൾ ഇഴഞ്ഞ് നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നൂറ് കണക്കിന് കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്ന നിർദ്ദിഷ്ട പാലത്തിന്റെ ഫയൽ നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിൽ ഏതെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം സംബന്ധിച്ച ഫയൽ നടപടികൾ ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(എ) & (ബി) 2018-19 ലും, 2019-20 ലും ഉപ്പുതുരുത്തി പാലത്തിന്റെ നിർമ്മാണത്തിനായി 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ടോക്കൺ മാത്രമുള്ളത് നിർമ്മിക്കാൻ പൊതുമരാമത്തിന് അധികാരമില്ല.

സെക്ഷൻ ഓഫീസർ